"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം- പഞ്ചായത്ത് വകുപ്പിൽ നിന്ന് 31.03.2005 ൽ ഹെഡ് ക്ലാർക്ക് തസ്തികയിൽ റിട്ടയർ ചെയ്തിട്ടുള്ള ശ്രീ ജോൺ വില്യംസ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA 28/2022 നമ്പർ കേസ്സിന്മേലുള്ള 07.01.2022 ലെ ഉത്തരവ് പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ)വകുപ്പ്**

സ.ഉ.(സാധാ) നം.1144/2022/LSGD തീയതി,തിരുവനന്തപുരം, 06-05-2022

---

പരാമർശം:-

1. സ.ഉ(സാധാ) നംപർ 1099/08/ത.സ്വ.ഭ.വ, തീയതി 07.04.2008.
2. പഞ്ചായത്ത് ഡയറക്ടറുടെ 09.02.1995 ലെ എസ്4-39940/94 നമ്പർ നടപടിക്രമം.
3. പഞ്ചായത്ത് ഡയറക്ടറുടെ 24.10.2017 ലെ ഇ8-12264/2017(2) നമ്പർ നടപടിക്രമം.
4. ശ്രീ. ജോൺ വില്യംസ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA 28/2022 നമ്പർ കേസ്സിന്മേലുള്ള 07.01.2022 ലെ ഉത്തരവ്.
5. പഞ്ചായത്ത് ഡയറക്ടറുടെ 23.04.2022 ലെ ഇ3-3040/22 നമ്പർ കത്ത്.

**ഉത്തരവ്**

പഞ്ചായത്ത് വകുപ്പിൽ നിന്ന് 31.03.2005 ൽ ഹെഡ് ക്ലാർക്ക് തസ്തികയിൽ റിട്ടയർ ചെയ്ത ശ്രീ . ജോൺ വില്യംസ് ബഹു . കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA 28/2022 നമ്പർ കേസ്സിലെ 07.01.2022 ലെ ഉത്തരവിൽ ഒന്നാം എതിർകക്ഷിയായ തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അനക്ഷർ എ 11 നിവേദനം പരിശോധിച്ച് ഉത്തരവ് തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ തീരുമാനമെടുക്കുവാൻ പരാമർശം (4) പ്രകാരം ഉത്തരവാകുകയുണ്ടായി .

2. ശ്രീ. ജോൺ വില്യംസ് ബിൽ കളക്ടറായി പാലക്കാട് ജില്ലയിലെ പുതുശ്ശേരി ഗ്രാമപഞ്ചായത്തിൽ 03.03.1983 ൽ ജോലിയിൽ പ്രവേശിച്ചു. തുടർന്ന് 28.02.1989 ൽ ടിയാൾക്ക് യുഡി ക്ലാർക്ക്, ആയി പ്രമോഷൻ ലഭിച്ചിരുന്നു. 05.10.1999 ൽ ഹെഡ് ക്ലാർക്കായി ടിയാൾക്ക് പ്രൊമോഷൻ ലഭിച്ചു എങ്കിലും 15.04.2000 ൽ യുഡി ക്ലാർക്കായി റിവർട്ട് ചെയ്യുകയും 02.08.2001 ൽ വീണ്ടും ഹെഡ് ക്ലാർക്ക് തസ്തികയിൽ പ്രൊമോഷൻ ലഭിക്കുകയും 31.03.2005 ൽ ഹെഡ് ക്ലാർക്ക് തസ്തികയിൽ റിട്ടയർ ചെയ്തിട്ടുള്ളതുമാണ്.

3. പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (2) നടപടിക്രമം പ്രകാരം യു ഡി ക്ലാർക്കുമാരുടെ കരട് സീനിയോരിറ്റി ലിസ്റ്റിൽ ശ്രീ.ജോൺ വില്യംസിന്റെ സീനിയോരിറ്റി നം 831 ആണ്. എന്നാൽ പ്രസ്തുത ലിസ്റ്റിൽ ടിയാളുടെ ജൂനിയറായി ഉൾപ്പെട്ടിട്ടുള്ള ശ്രീമതി റ്റി.രതി (ക്രമനമ്പർ 855), ശ്രീമതി കെ.പത്മാവതി (ക്രമനമ്പർ 861), ശ്രീ കെ.നാരായണൻ (ക്രമനമ്പർ 862) എന്നിവർ ടിയാളുടെ സീനിയോരിറ്റി മറികടന്ന് സെക്രട്ടറിയായും സൂപ്രണ്ടന്റായും സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറിയായും പ്രമോഷൻ ലഭിച്ചിട്ടുള്ളതാണെന്നും ആയതിനാൽ ടിയാൾക്കും സീനിയോറിറ്റി പുനഃപരിശോധിച്ച് പ്രൊമോഷൻ അനുവദിക്കണമെന്നതാണ് ടിയാൾ നൽകിയ ഹർജിയിൽ ആവശ്യപ്പെട്ടിട്ടുള്ളത്.

4. പൊതു സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള യു.ഡി. ക്ലാർക്കുമാരുടെ സീനിയോറിറ്റി നിശ്ചയിച്ചിട്ടുള്ളത് അവർ ജില്ലകളിൽ പ്രൊമോട്ട് ചെയ്യപ്പെട്ട തീയതികളിലാണെന്നും ശ്രീ. ജോൺ വില്ല്യംസിന്റെ പരാതിയിൽ സൂചിപ്പിക്കപ്പെട്ട കക്ഷിക്കാർ എല്ലാം തന്നെ ടിയാന്റെ സീനിയർമാരും ടെസ്റ്റ് യോഗ്യത നേടുന്നതിനുള്ള സമയ പരിധിയിൽ ഇളവ് ലഭിച്ചിരുന്നവരുമാണെന്നും ഇത് സംബന്ധിച്ച് 07.03.2005 ൽ ശ്രീ.ജോൺ വില്ല്യംസ് നൽകിയ ഹർജി നിരസിച്ച് കൊണ്ട് പരാമർശം (1) ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

5. പരാതിക്കാരൻ സീനിയറായി ഉൾപ്പെട്ടിട്ടുള്ളതായി കാണിച്ചിട്ടുള്ള 09.02.1995 ലെ യു.ഡി ക്ലാർക്കുമാരുടെ കരട് സീനിയോറിറ്റിപ്പട്ടിക ഉൾപ്പെടെ 01.01.1990 മുതലുള്ള എല്ലാ സീനിയോറിറ്റിപ്പട്ടികകളും അസ്ഥിരപ്പെടുത്തി പുതിയ സീനിയോരിറ്റി പട്ടികകൾ തയ്യാറാക്കുവാൻ ബഹു. സുപ്രീം കോടതി ഉത്തരവിനെത്തുടർന്ന് മുൻപുള്ള എല്ലാ സീനിയോരിറ്റി ലിസ്റ്റുകളും അസ്ഥിരപ്പെടുത്തി പരാമർ ശം ( 3 ) പ്രകാരം പുതിയ സീനിയോരിറ്റി പട്ടിക അന്തിമമാക്കി പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. പ്രസ്തുത സീനിയോറിറ്റി പട്ടിക കരട് പ്രസിദ്ധീകരിച്ചതിന്മേൽ ആക്ഷേപം നൽകിയിട്ടുള്ളതായി പരാതിക്കാരൻ പറയുന്നുണ്ടെങ്കിലും ആക്ഷേപം നൽകിയതായോ ആക്ഷേപം നേരിൽ കേൾക്കുന്നതിന് ടിയാനെ ക്ഷണിച്ചിട്ടുള്ളതായിട്ടുള്ള വിവരങ്ങൾ ലഭ്യമല്ല എന്ന് പരാമർശം (5) പ്രകാരം പഞ്ചായത്ത് ഡയറക്ടർ അറിയിക്കുകയുണ്ടായി.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ടിയാന്റെ ജൂനിയറാണെന്ന് സൂചിപ്പിച്ചിട്ടുള്ള ശ്രീമതി റ്റി.രതി , ശ്രീമതി കെ.പത്മാവതി , ശ്രീ.കെ.നാരായണൻ എന്നിവർ ഹെഡ് ക്ലാർക്കുമാരുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റിൽ പരാതിക്കാരനായ ശ്രീ. ജോൺ വില്ല്യംസിന്റെ സീനിയർമാർ ആണ്. ആയതിനാൽ തന്നെ ടിയാന്റെ വാദഗതികൾ നിലനിൽക്കുന്നതല്ല. കൂടാതെ വിവിധ സീനിയോരിറ്റി ലിസ്റ്റുകളുമായി ബന്ധപ്പെട്ട് പരാതിക്കാരൻ നൽകിയതായി പറയുന്ന ആക്ഷേപങ്ങളോ മറുപടികളോ കണ്ടെത്താൻ സാധിച്ചിട്ടില്ല എന്നുള്ളത് മാത്രവുമല്ല ബഹു. സുപ്രീം കോടതി ഉത്തരവിൻ പ്രകാരം അന്തിമമാക്കിയ സീനിയറായിട്ടി പട്ടികകളിലെ പുനഃക്രമീകരണം കൂടുതൽ വ്യവഹാരങ്ങൾക്ക് കാരണമായേക്കും എന്നതിനാൽ ശ്രീ. ജോൺ വില്യംസ് സമർപ്പിച്ച അനക്ഷർ എ11 നിവേദനം നിരസിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

7. പരാമർശം (4) പ്രകാരമുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA 28/2022 നമ്പർ കേസ്സിന്മേലുള്ള 07.01.2022 ലെ ഉത്തരവ് ഇപ്രകാരം നടപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രമണി മാത്യൂ

അഡിഷണൽ സെക്രട്ടറി

സ.ഉ.(സാധാ) നം.1144/2022/LSGD

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ശ്രീ. ജോൺ വില്ല്യംസ്:, ഷെറിൻ നിവാസ്, നരുവാമൂട്.പി.ഓ, തിരുവനന്തപുരം, 695528

ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം , തിരുവനന്തപുരം.

കരുതൽ ഫയൽ / ആഫീസ് പകർപ്പ്. (ഫയൽ നം. 23/ഇപിഎ1/2022/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ